**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 788** **02-02-2023 - ൽ മറുപടിയ്ക്ക്**

**കല്ലിക്കണ്ടി സബ് രജിസ്ട്രാർ ഓഫീസിന് സ്വന്തം കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ കല്ലിക്കണ്ടി സബ് രജിസ്ട്രാർ ഓഫീസിന്റെ സ്ഥലപരിമിതി കാരണം പൊതുജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. കല്ലിക്കണ്ടി സബ് രജിസ്ട്രാർ ഓഫീസിന്റെ കെട്ടിട നിർമ്മാണത്തിനായി പുതിയ സ്ഥലം കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ നിലവിൽ പരിമിത സൗകര്യങ്ങളോടെ പ്രവർത്തിക്കുന്ന ടി കെട്ടിടത്തിൽ നിന്നും മെച്ചപ്പെട്ട സൗകര്യങ്ങളോട്ടു കൂടിയ പുതിയ വാടകകെട്ടിടം കണ്ടെത്തുന്നതിനുമുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| (ബി) | സബ് രജിസ്ട്രാർ ഓഫീസിന് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | നിലവിൽ ഫണ്ട് അനുവദിച്ചിട്ടില്ല. |
| (സി) | സബ് രജിസ്ട്രാർ ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമായിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച പുരോഗതി വ്യക്തമാക്കുമോ? | (സി) | സബ് രജിസ്ട്രാർ ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ